## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 205 — 23.01.2018 ൽ മറുപടിയ്ക്ക്

### ജയിൽ ഭക്ഷ്യവിഭവങ്ങൾ

| ചോദ്യം<br>ശ്രീ. യു.ആർ. പ്രദീപ് | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജയിലുകളിൽ നിന്നും ഭക്ഷ്യ വിഭവങ്ങൾ ഉണ്ടാക്കി വില്പന നടത്തുക വഴി 2017 വർഷം എത്ര തുകയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | ഭക്ഷ്യ വിഭവങ്ങൾ ഉണ്ടാക്കി വില്പന നടത്തുക വഴി 2017 വർഷം 26,51,45,881/- രൂപ (ഇരുപത്തിയാറ് കോടി അൻപത്തിഒന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി എണ്ണൂറ്റി എൺപത്തി ഒന്ന് രൂപാ മാത്രം) വിറ്റുവരവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | ഇതിൽ ലാഭവിഹിതമായി എത്ര തുക ലഭിച്ചിട്ടുണ്ടെന്നുള്ള വിശദാംശം വ്യക്തമാക്കുമോ ; | (ബി) | ലാഭവിഹിതമായി 5,05,70,033/- രൂപ (അഞ്ചു കോടി അഞ്ച് ലക്ഷത്തി എഴുപതിനായിരത്തി മുപ്പത്തിമൂന്ന് രൂപാ മാത്രം) ലഭിച്ചിട്ടുണ്ട്. |
| (സി) | ജയിൽ ഭക്ഷ്യ വിഭവങ്ങൾ പ്രധാന റെയിൽവേ സ്റ്റേഷനുകൾ, കെ.എസ്.ആർ.ടി.സി. സ്റ്റാന്റുകൾ എന്നിവിടങ്ങളിൽ സ്ഥിരമായി ലഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (സി) | കണ്ണൂർ സെൻട്രൽ ജയിലിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ യൂണിറ്റിൽ നിന്നും കണ്ണൂർ കെ.എസ്.ആർ.ടി. സി. സ്റ്റാന്റിനു സമീപമായി ഒരു വാഹനം മുഖേന സാധനങ്ങൾ വിൽപ്പന നടത്തി വരുന്നുണ്ട്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ യൂണിറ്റിൽ നിന്നും തമ്പാനൂർ കെ.എസ്.ആർ.ടി.സി. കോംപ്ലക്സിൽ ജയിൽ ഭക്ഷ്യ വിൽപ്പന കൗണ്ടർ തുടങ്ങുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ